പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 749 **14-10-2026-ൽ മറുപടിയ്ക്ക്**

വീരൻകുടി, അരയക്കാപ്പ് ഉന്നതികളിലെ കുടുംബങ്ങളുടെ ദുരവസ്ഥ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) വീരൻകുടി, അരയക്കാപ്പ് ഉന്നതികളിലെ നാൽപതോളം കുടുംബങ്ങൾ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മാരാങ്കോട് കുടിൽകെട്ടി താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

(ബി) വൈദ്യുതിയും കുടിവെള്ളവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാതെ കഴിയുന്ന ഇവരുടെ ദുരവസ്ഥ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

മറുപടി: ഉരുൾപ്പൊട്ടൽ ഭീഷണി നിലനിൽക്കുന്ന അരേക്കാപ്പ് - വീരാൻകുടി പ്രദേശത്തെ നിവാസികളിൽ പുനരധിവാസത്തിന് സമ്മതം നല്കിയ 31 കുടുംബങ്ങളും അവരുടെ ഉപകുടുംബങ്ങളും ഉൾപ്പെടെ ആകെ 47 കുടുംബങ്ങളെ കോടശ്ശേരി പഞ്ചായത്തിലെ മാരാങ്കോട് കശുമാവിൻതോപ്പ് പ്രദേശത്തേക്ക് SDLC, DLC, SLMC തീരുമാന പ്രകാരം മാറ്റി താമസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വനാവകാശനിയമ പ്രകാരം ROR നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, രേഖകളെല്ലാം ലഭ്യമാക്കിയ 41 പേരുടെ ടൈറ്റിൽ തയ്യാറാക്കി, ആയത് അംഗീകരിക്കുന്നതിനായി ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്.

താൽക്കാലിക ഷെഡുകളിൽ താമസിച്ച് വരുന്ന നിവാസികൾക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് കുടിവെള്ള സൗകര്യം ഒരുക്കി നല്കിയിട്ടുണ്ട്. ആയത് സംഭരിക്കുന്നതിന് നിലവിലുള്ള ടാങ്കുകൾക്ക് പുറമെ ഓരോ കുടുംബങ്ങൾക്കും കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ടാങ്ക് വാങ്ങി നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വനം വകുപ്പുമായി ബന്ധപ്പെട്ട ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കുന്ന മുറക്ക് വൈദ്യുതി ഉൾപ്പെടെയുള്ള മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്.

പുനരധിവാസം വേഗത്തിലാക്കാൻ മന്ത്രിതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ